കിർഗിസ് റിപ്പബ്ലിക്കിലെ ബിഷ്കെക്കിൽ (സെപ്റ്റംബർ 01, 2026) നടന്ന 26-ാമത് SCO ഉച്ചകോടിയിൽ പ്രധാനമന്ത്രി പങ്കെടുത്തു

2026 ഓഗസ്റ്റ് 31 മുതൽ സെപ്റ്റംബർ 1 വരെ കിർഗിസ് റിപ്പബ്ലിക്കിലെ ബിഷ്കെക്കിൽ വെച്ച് നടന്ന ഷാങ്ഹായ് സഹകരണ സംഘടനയുടെ (SCO) രാഷ്ട്രത്തലവന്മാരുടെ കൗൺസിലിന്റെ 26-ാമത് യോഗത്തിൽ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി ഇന്ന് പങ്കെടുത്തു.

2. ഈ വർഷം SCO യുടെ 25-ാം വാർഷികമാണ്. ഈ അവസരത്തിൽ, നേതാക്കൾ പുരോഗതി വിലയിരുത്തുകയും മേഖലയിലെ സമാധാനം, സുരക്ഷ, സുസ്ഥിരത, സമൃദ്ധി എന്നിവയിൽ SCO-യുടെ പങ്ക് ശക്തിപ്പെടുത്താനുള്ള അഭിപ്രായങ്ങൾ പങ്കിടുകയും ചെയ്തു.

3. കിർഗിസ് റിപ്പബ്ലിക് പ്രസിഡന്റ് സദിർ ജപറോവിന് ഊഷ്മളമായ സ്വീകരണത്തിന് നന്ദി പറഞ്ഞുകൊണ്ടാണ് പ്രധാനമന്ത്രി തന്റെ പ്രസംഗം ആരംഭിച്ചത്. ഉച്ചകോടിയുടെ 25-ാം വാർഷികം, SCO വളർത്തിയെടുത്ത സംഭാഷണത്തിന്റെയും സഹകരണത്തിന്റെയും ശക്തമായ പാരമ്പര്യം അടിസ്ഥാനമാക്കി, അടുത്ത 25 വർഷത്തേക്കുള്ള രൂപരേഖക്ക് അടിത്തറയിടാനുള്ള ഉചിതമായ അവസരമാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. കഴിഞ്ഞ ഉച്ചകോടിയിൽ ഇന്ത്യ സുരക്ഷ, കണക്റ്റിവിറ്റി, അവസരം എന്നിവയെക്കുറിച്ചുള്ള കാഴ്ചപ്പാട് പങ്കുവെച്ചിരുന്നുവെന്നും, ഇപ്പോൾ സംയുക്ത പ്രവർത്തനത്തിലൂടെ ഈ മൂന്ന് പ്രധാന മേഖലകളിലും വ്യക്തമായ ഫലങ്ങൾ കൈവരിക്കാൻ ഒന്നിച്ച് ശ്രമിക്കണമെന്നും അദ്ദേഹം പറഞ്ഞു. സംഘർഷങ്ങൾ പരിഹരിക്കേണ്ടത് യുദ്ധത്തിലൂടെയല്ലെന്നും, ചർച്ചയും നയതന്ത്രവുമാണ് മുന്നോട്ടുള്ള ഏക മാർഗമെന്നുമുള്ള ഇന്ത്യയുടെ നിലപാട് അദ്ദേഹം ആവർത്തിച്ചു. തീവ്രവാദം മനുഷ്യരാശിക്ക് കടുത്ത ഭീഷണിയാണെന്ന് എടുത്തുപറഞ്ഞ അദ്ദേഹം തീവ്രവാദ സങ്കേതങ്ങൾ തകർക്കാൻ ശക്തമായ നടപടികൾ വേണമെന്ന് ആഹ്വാനം ചെയ്തു. തീവ്രവാദത്തിനെതിരായ പോരാട്ടത്തിൽ ഇരട്ടത്താപ്പ് പാടില്ലെന്ന് അദ്ദേഹം പ്രത്യേകം എടുത്തു പറഞ്ഞു. യുറേഷ്യൻ മേഖലയിലെ സുരക്ഷ അഫ്ഗാനിസ്ഥാനിലെ സമാധാനവും സുസ്ഥിരതയുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന് ചൂണ്ടിക്കാട്ടിയ അദ്ദേഹം, ആ രാജ്യത്തിന് ഇന്ത്യ നൽകുന്ന വികസന, മാനുഷിക സഹായങ്ങൾ എടുത്തുപറഞ്ഞു.

4. ഗ്രൂപ്പിന്റെ കൂട്ടായ പുരോഗതിക്കും സമൃദ്ധിക്കും ശക്തവും വിശ്വസനീയവുമായ കണക്റ്റിവിറ്റി സംരംഭങ്ങൾ പ്രധാനമാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. വിപണികളെ ബന്ധിപ്പിക്കുന്നതും വ്യാപാരം വർദ്ധിപ്പിക്കുന്നതും വികസനത്തിനുള്ള പുതിയ അവസരങ്ങൾ തുറക്കുന്നതുമായ കണക്റ്റിവിറ്റി ശ്രമങ്ങളെ ഇന്ത്യ പിന്തുണയ്ക്കുന്നുവെന്ന് അടിവരയിട്ടുകൊണ്ട്, അത്തരം ശ്രമങ്ങൾ രാജ്യങ്ങളുടെ പരമാധികാരത്തെയും അഖണ്ഡതയെയും മാനിക്കുന്നതാകണമെന്ന് അദ്ദേഹം ഓർമിപ്പിച്ചു. ടെക്നോളജി, സംരംഭകത്വം, ഇന്നൊവേഷൻ, സ്റ്റാർട്ടപ്പുകൾ, ജനങ്ങൾ തമ്മിലുള്ള സംരംഭങ്ങൾ എന്നിവ SCO രാജ്യങ്ങളിലെ ജനങ്ങൾക്ക് വലിയ അവസരങ്ങൾ തുറക്കുന്നുവെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ഈ വിഷയത്തിൽ കിർഗിസ്ഥാന്റെ അധ്യക്ഷതയിൽ യുവാക്കളുടെ പങ്കാളിത്തത്തിന് നൽകിയ പ്രാധാന്യത്തെ അദ്ദേഹം പ്രശംസിച്ചു. ഈ വർഷം അവസാനത്തോടെ SCO സിവിലൈസേഷൻ ഡയലോഗ് ഫോറത്തിന്റെ ആദ്യ പതിപ്പിന് ആതിഥേയത്വം വഹിക്കാൻ ഇന്ത്യയ്ക്ക് അതിയായ സന്തോഷമുണ്ടെന്ന് പ്രധാനമന്ത്രി എടുത്തുപറഞ്ഞു. അംഗരാജ്യങ്ങൾക്കിടയിൽ സാംസ്കാരിക കൈമാറ്റങ്ങൾ കെട്ടിപ്പടുക്കാൻ ലക്ഷ്യമിട്ടുള്ള ഇന്ത്യയുടെ പ്രധാന സംരംഭമാണിത്.

5. ബിഷ്കെക്ക് പ്രഖ്യാപനത്തിന് പുറമേ, കാലാവസ്ഥാ വ്യതിയാനം, ആണവ സുരക്ഷ, ഊർജ സംരക്ഷണം, മയക്കുമരുന്നിനെതിരെ പോരാട്ടം തുടങ്ങിയ മേഖലകളിൽ നാല് ധാരണാപത്രങ്ങളും ഇരുപതിലേറെ തീരുമാനങ്ങളും പ്രസ്താവനകളും ഉച്ചകോടിയിൽ അംഗീകരിച്ചു.

6.SCO ചാർട്ടറിൽ ഇംഗ്ലീഷിനെ ഔദ്യോഗിക ഭാഷയാക്കൽ, സിവിലൈസേഷൻ ഡയലോഗ് ഫോറം, യംഗ് സയന്റിസ്റ്റ് ഫോറം, യംഗ് ഓതേഴ്സ് കോൺക്ലേവ് എന്നിവ പോലെയുള്ള ബിഷ്കെക്ക് പ്രഖ്യാപനത്തിൽ ഇടംനേടിയ നിരവധി സംരംഭങ്ങൾക്ക് ഇന്ത്യ നേതൃത്വം നൽകുകയും പിന്തുണയ്ക്കുകയും ചെയ്തു.

7. ഉച്ചകോടി വിജയകരമായി സംഘടിപ്പിച്ചതിന് പ്രസിഡന്റ് ശ്രീ. സദിർ ജപറോവിന് പ്രധാനമന്ത്രി നന്ദി പറഞ്ഞു. കൂട്ടായ പുരോഗതിക്കും സമൃദ്ധിക്കും വേണ്ടി SCO കുടുംബത്തോടൊപ്പം പ്രവർത്തിക്കാനുള്ള

ഇന്ത്യയുടെ പ്രതിബദ്ധത അദ്ദേഹം പ്രകടിപ്പിച്ചു. പ്രധാനമന്ത്രിയുടെ പൂർണ്ണ പ്രസംഗം ഇവിടെ കാണാം (ലിങ്ക്).

ബിഷ്കെക്ക്

സെപ്റ്റംബർ 01, 2026